# പ്രഭാതത്തിലെ ദൈവീക സാന്നിദ്ധ്യം

## സങ്കീർത്തനങ്ങൾ 5:3

യഹോവേ എന്റെ പ്രാർത്ഥന കേൾക്കേണമേ, രാവിലെ ഞാൻ നിനക്കായി ഒരുക്കി കാത്തിരിക്കുന്നു.

ദിവസത്തിന്റെ ആരംഭസമയം തന്നെ എന്റെ പ്രാർത്ഥന കേൾക്കേണമേ എന്ന് എത്ര പ്രാഗൽഭ്യത്തോടും ഉറപ്പോടും കൂടിയാകുന്നു സങ്കീർത്തനക്കാരൻ പറയുന്നത്. അതേ പ്രഭാതത്തിൽ തന്നെ ദൈവത്തിനായി ഒരുക്കി കാത്തിരിക്കുന്ന ഒരു ഭക്തന്റെ വാഞ്ചയുള്ള ഹൃദയം ദാവീദ് ഇവിടെ കാണിക്കുന്നു. തീർച്ചയായും ഒരുക്കമുള്ള ഒരു ഹൃദയം പ്രാർത്ഥനയുടെ ശ്രേഷ്ഠമായ ഘടകം തന്നെ ആകുന്നുവെന്ന് ദൈവമക്കൾക്ക് ദാവീദ് മാതൃക തരുന്നു.

പലപ്പോഴും നാം പരാജയപ്പെടുന്ന ജീവിതത്തിന്റെ ഒരനുഭവം തന്നെ ആകുന്നു ഇത്. സ്ഥിരമായ പ്രാർത്ഥനയുടെ ഒരു താളം, അതും പ്രഭാതത്തിൽതന്നെ വാഞ്ചയോടെ ദൈവിക സാന്നിധ്യത്തിനായി കൊതിക്കുന്ന ഒരു ഹൃദയം നമുക്കും ഉണ്ടോ എന്ന് ശോധന ചെയ്യാം. ദാവീദിന് വലിയ ഉറപ്പുണ്ടായിരുന്നു. കാരണം അവന്റെ വാക്കുകൾക്ക് ചെവി തരുന്ന, ധ്യാനത്തെ ശ്രദ്ധിക്കുന്ന, സങ്കടയാചന കേൾക്കുന്ന ഒരു ദൈവം ആകുന്നു തന്റെ കൂടെയുള്ളതെന്നും, അവൻ നീതിമാനെ അനുഗ്രഹിക്കുന്നവനാണെന്നും അനുഭവിച്ചു കഴിഞ്ഞിരുന്നു. പരിചകൊണ്ടെന്നപോലെ ദയകൊണ്ടു തന്നെ മറയ്ക്കുന്ന തമ്പുരാന്റെ കരങ്ങൾ സങ്കീർത്തനക്കാരന് കാണാൻ കഴിഞ്ഞു.

ഇവിടെ ദാവീദിന്റെ ശ്രേഷ്ഠമായ പ്രാർത്ഥനാ ജീവിതം ഓരോ ദൈവപൈതലിനും ഉത്സാഹവും ജീവിതത്തിന്റെ യാഥാർത്ഥ്യവും ആയിത്തീരാൻ വചനം ഇടയാക്കട്ടെ. രാവിലെ തന്നെ ദൈവസന്നിധിയിൽ നിന്നും പ്രാപിച്ചെടുക്കുന്ന ഒരു ശക്തി, നടത്തിപ്പ്, ഉറപ്പ് എല്ലാം എത്ര മഹത്തും സുഖകരവുമാകുന്നു. ഒരു ഭക്തന്റെ ജീവിതത്തിലെ എല്ലാ ഇടപാടുകളുടെയും, പ്രവൃത്തി പ്രവർത്തന മണ്ഡലങ്ങളുടെയും പ്രഭാതം അവനായി ഏല്പിച്ചു കൊടുക്കാം. അതേ സകലത്തിന്റെയും Priority അഥവാ ആംഭം അവനിൽ നിന്നു തന്നെ തുടങ്ങുവാനും അവനിൽ തന്നെ അവസാനിക്കുവാനും ഇടയാകണം. ദാവിദ് പറയുന്നത് തന്റെ വാക്കുകൾ ധ്യാനം, യാചന (സങ്കീ 5:12) ഇങ്ങനെ പ്രാർത്ഥനയുടെ വിവിധ ഭാവങ്ങൾ വരച്ചു കാണിക്കുന്നു. ദൈവവചനം ധ്യാനിച്ചതിനു ശേഷമാണ് തന്റെ സങ്കടയാചന കഴിക്കുന്നത്. എത്ര ഉദാത്തമായ ഭാവം. ദാവിദിനെപ്പോലെ നമുക്കും ദൈവത്തിനായി ഒരുക്കി കാത്തിരിക്കുന്ന ഹൃദയം ഉണ്ടാകുവാനും നമ്മുടെ ജീവിതത്തിന്റെ പ്രഭാതം അവനായി ഏല്പിച്ചു കൊടുക്കുവാനും കർതൃകരങ്ങളിൽ കൊടുക്കാം.

പരാമർശം :

വിലാപങ്ങൾ 3:22-23

നാം മുടിഞ്ഞുപോകാതിരിക്കുന്നതു യഹോവയുടെ ദയ ആകുന്നു; അവന്റെ കരുണ തീർന്നു പോയിട്ടില്ലല്ലോ; അതു രാവിലെതോറും പുതിയതും നിന്റെ വിശ്വസ്ഥത വലിയതും ആകുന്നു.

സിസ്റ്റർ ബിന്ദു റെജി അയ്മനം 092